കടിയിറക്കൽ.

൫൨൩. [൧൫] ശ്രീ. കൊച്ചുകുഞ്ഞ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കരതാലൂക്കിൽ പന്തളം തെക്കേക്കര പകുതിയിൽ ഇടമാലി മുറിയിൽ, കൊരണ്ടിക്കാട്ടിൽ രാമൻ ശങ്കരൻ എന്ന ഒരു കുടികിടപ്പുകാരനെ വസ്തു ഉടമസ്ഥനായ ടി മുറിയിൽ കൊച്ചുതുണ്ടിൽ കിഴക്കതിൽ കൃഷ്ണപിള്ള എന്നയാൾ കുടിയിറക്കുന്നതിനു ശ്രമിക്കുന്നതായി പരാതിപ്പെട്ടതുകൊണ്ട് വ൪ഷം ൧൯൨൫-ൽ ടി കുടികിടപ്പുകാരൻ അപേക്ഷ ബോധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) അപേക്ഷകനെ കുടിയിറക്കാതിരിക്കുന്നതിനുവേണ്ടി പോലീസ് മുഖേന വേണ്ട സംരക്ഷണം ചെയ്തുകൊടുത്തിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) വേണ്ട അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

വിളവുണക്കം.

൫൨൪. [൨൨] ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലത്തിൽ മഴ കിട്ടാത്തതുമൂലം വിളവുണക്കം ഗൗരവമായി ബാധിച്ച മുകുന്ദപുരം താലൂക്കിൽ കൃഷിക്കാരുടെ പാട്ടവും നികുതിയും ഇളവുചെയ്തുകൊടുക്കുന്നതിനുവേണ്ടി ഗവണ്മെൻറിൽനിന്നും വല്ല നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കർഷകർക്ക് സഹായകരമായ എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിക്കുന്നുണ്ടെങ്കിൽ അവ എന്തെല്ലാം?

ഉത്തരം.

(എ) ഇല്ല.

(ബി) അങ്ങനെ നടപടി സ്വീകരിക്കേണ്ടതായി ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 12th MARCH 1953.

Jumna Thread Factory.

525. [10] **Shri P. V. Avira Tharakan :** Will the Minister for Industries be pleased to state :

LIBRARY ARCHIVES Kerala Legislative Assembly

(*a*) whether production in the Jumna Thread Factory has begun ;

(*b*) if so, the quantity of the thread produced ; and

(*c*) what other things are produced ?

Answer.

(*a*) Yes.

(*b*) & (*c*) Government do not consider it necessary to ask the Company to disclose the information.

വ്യവസായശാലകൾ.

൪൨൩. [൨൩] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര വ്യവസായശാലകൾ ഈ സ്റ്റേറിൽ ഇന്നു പൂട്ടിയിട്ടിട്ടുണ്ട് ;

(ബി) ഏതിലെല്ലാം ഗവണ്മെൻറിനു ഷെയറുകൾ ഉണ്ട് ;

(സി) എത്ര ശതമാനം വീതം ;

(ഡി) ഓരോന്നും എന്തുകൊണ്ട് പൂട്ടിയിട്ടിരിക്കുന്നു?

ഉത്തരം

(എ) ഒന്ന്.

(ബി) & (സി) ൧. ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്റ്റ്സ് ൪൯ ശതമാനം

൨. ഇലക്ട്രോ കെമിക്കൽ ഇൻഡസ്ട്രീസ് ൨൪ ശതമാനം

൩. ഇലക്ട്രിക്കൽ ആൻറ് അലൈഡ് ഇൻഡസ്ട്രീസ് ൭ ശതമാനം

൪. ഇനാമൽ ഇൻഡസ്ട്രീസ് ൫൦ ശതമാനം

൫. തക്കല പഞ്ചസാരഫാക്ടറിയുടെ ഉടമസ്ഥരായ ഷുഗേഴ്സ് ആൻറ് കെമിക്കൽസ് ൫൦ ശതമാനം

(ഡി) ആദ്യത്തെ നാലു ഫാക്ടറികളും പ്രവർത്തനത്തിനു വേണ്ട പണമില്ലാഞ്ഞതുകൊണ്ട് ആണ് പൂട്ടിയിട്ടിരിക്കുന്നത്.

തക്കല പഞ്ചസാരഫാക്ടറി പൂട്ടിയതു കരുപ്പുട്ടിയുടെ വിലക്കുടുതൽ നിമിത്തം ആദായകരമായി ഫാക്ടറി നടത്താൻ നിവൃത്തിയില്ലാതെവന്നതുകൊണ്ടാണ്.

അലൈഡ് ഇൻഡസ്ട്രീസ്.

൪൨൪. [൫൭] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly